**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1781** **08-10-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വാഹനങ്ങൾക്കുള്ള സംസ്ഥാനാന്തര രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ നടപ്പാക്കാനുദ്ദേശിയ്ക്കുന്ന സ്വകാര്യ വാഹനങ്ങൾക്കുള്ള സംസ്ഥാനാന്തര രജിസ്ട്രേഷൻ നികുതി വരുമാനത്തെ ഏതെല്ലാം തരത്തിൽ ബാധിയ്ക്കുമെന്നത് പരിശോധിച്ചുവോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സർക്കാർ ഉദ്യോഗസ്ഥർ, ഇന്ത്യയിൽ ഏറ്റവും കുറഞ്ഞത് 4 സംസ്ഥാനങ്ങളിലെങ്കിലും ശാഖകളുള്ള പ്രൈവറ്റ് കമ്പനികൾ, പൊതു മേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ വാങ്ങുന്ന വാഹനങ്ങൾക്കാണ് BH – സീരിസിലുള്ള രജിസ്ട്രേഷൻ നമ്പർ അനുവദിക്കുന്നത്. ഇത്തരം പെട്രോൾ വാഹനങ്ങൾക്ക് GST ഒഴികെയുള്ള വാഹന വിലയുടെ 8% മുതൽ 12% വരെയുള്ള തുകയാണ് 15 വർഷത്തെ ഒറ്റത്തവണ നികുതിയായി നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ ഡീസൽ വാഹനങ്ങൾക്ക് 2% നികുതി അധികമായും ഇലക്ട്രിക് വാഹനങ്ങൾക്ക് 2% നികുതി കുറച്ചും അടയ്ക്കേണ്ടതാണ്. മാത്രമല്ല ടി വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ വാഹന ഉടമയുടെ താല്പര്യ പ്രകാരം 2 വർഷത്തേയ്ക്ക് നികുതി അടയ്ക്കാവുന്നതാണ്. എന്നാൽ GST ഉൾപ്പെടെയുള്ള വാഹന വിലയുടെ 9% മുതൽ 21% വരെയുള്ള നികുതിയാണ് സംസ്ഥാന ടാക്സേഷൻ നിയമ പ്രകാരം ഈടാക്കി വരുന്നത്. ഇത്തരത്തിൽ സംസ്ഥാനത്തിനുണ്ടാകുന്ന റവന്യു നഷ്ടം സംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ ആക്ഷേപങ്ങൾ കേന്ദ്ര ജോയിന്റ് സെക്രട്ടറി (MVL) യുമായി 13/09/2021 ൽ നടത്തിയ മീറ്റിംഗിൽ ഗതാഗത കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് കേന്ദ്രസർക്കാരിനെ അറിയിച്ച് അതിൽനിന്നും വിടുതൽ നേടുവാൻ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാർ ഉദ്യോഗസ്ഥർ, ഇന്ത്യയിൽ ഏറ്റവും കുറഞ്ഞത് 4 സംസ്ഥാനങ്ങളിലെങ്കിലും ശാഖകളുള്ള പ്രൈവറ്റ് കമ്പനികൾ, പൊതു മേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ വാങ്ങുന്ന വാഹനങ്ങൾക്കാണ് BH – സീരിസിലുള്ള രജിസ്ട്രേഷൻ നമ്പർ അനുവദിക്കുന്നത്. ഇത്തരം പെട്രോൾ വാഹനങ്ങൾക്ക് GST ഒഴികെയുള്ള വാഹന വിലയുടെ 8% മുതൽ 12% വരെയുള്ള തുകയാണ് 15 വർഷത്തെ ഒറ്റത്തവണ നികുതിയായി നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ ഡീസൽ വാഹനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | 2% നികുതി അധികമായും ഇലക്ട്രിക് വാഹനങ്ങൾക്ക് 2% നികുതി കുറച്ചും അടയ്ക്കേണ്ടതാണ്. മാത്രമല്ല ടി വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ വാഹന ഉടമയുടെ താല്പര്യ പ്രകാരം 2 വർഷത്തേയ്ക്ക് നികുതി അടയ്ക്കാവുന്നതാണ്. എന്നാൽ GST ഉൾപ്പെടെയുള്ള വാഹന വിലയുടെ 9% മുതൽ 21% വരെയുള്ള നികുതിയാണ് സംസ്ഥാന ടാക്സേഷൻ നിയമ പ്രകാരം ഈടാക്കി വരുന്നത്. ഇത്തരത്തിൽ സംസ്ഥാനത്തിനുണ്ടാകുന്ന റവന്യൂ നഷ്ടം സംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ ആക്ഷേപങ്ങൾ കേന്ദ്ര ജോയിന്റ് സെക്രട്ടറി (MVL) യുമായി 13/09/2021 ൽ നടത്തിയ മീറ്റിംഗിൽ ഗതാഗത കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| (സി) | വാഹന രജിസ്ട്രേഷനും മറ്റെല്ലാ ഇടപാടുകൾക്കും ആധാർ നിർബന്ധമാക്കിയ കേന്ദ്ര നടപടി സംസ്ഥാന വാഹന രജിസ്ട്രേഷനെ എത്തരത്തിൽ ബാധിയ്ക്കുമെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (സി) | വാഹന രജിസ്ട്രേഷനും മറ്റും ആധാർ നിർബന്ധമാക്കിയാൽ ബിനാമികളുടെ പേരിൽ വാഹനം രജിസ്റ്റർ ചെയ്യുന്നതു തടയുവാനും ഒരാളുടെ പേരിൽ എത്ര വാഹനങ്ങൾ രജിസ്റ്റർ ചെയ്തുവെന്ന് അറിയുന്നതിനും സഹായകമാണ്. അതുപോലെ തന്നെ വാഹനം വ്യാജ അഡ്രസ്സിൽ രജിസ്റ്റർ ചെയ്യുന്നത് തടയുന്നതിനും സഹായകരമാണ്. |

സെക്ഷൻ ഓഫീസർ